ബീച്ച് ടൂറിസം പദ്ധതി

93 (1563) ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. കെ. അജിത് :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. രാജാജി മാത്യു തോമസ് ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബീച്ച് ടൂറിസം പദ്ധതിയുടെ പ്രത്യേകതകൾ എന്തെല്ലാം ;

(ബി) പുതിയ ബീച്ച് ടൂറിസം പദ്ധതികളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നുണ്ടോ ; എങ്കിൽ അവ ഏതെല്ലാം ?

ഉത്തരം

(എ) അതാതു സ്ഥലത്തെ തദ്ദേശീയർക്കും വിനോദസഞ്ചാരികൾക്കും വിനോദ ഉപാധി എന്ന നിലയിൽ ഒരു ലോക്കൽ ടൂറിസം കേന്ദ്രം സ്ഥാപിക്കുക എന്നതാണ് ബീച്ച് ടൂറിസം പദ്ധതിയുടെ ഉദ്ദേശ്യം. ഇതിനായി സംസ്ഥാനത്തെ പ്രധാനപ്പെട്ട ബീച്ചുകളിൽ ടൂറിസ്റ്റുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുക എന്നതാണ് ബീച്ച് ടൂറിസം പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. ഇതനുസരിച്ച് ബീച്ചുകളിൽ സഞ്ചാരികൾക്കുവേണ്ടി ടോയിലെറ്റ് ഫെസിലിറ്റി, നടപ്പാതകൾ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന മറ്റ് സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നു. കൂടാതെ തദ്ദേശീയർക്കു തൊഴിലവസരവും വരുമാനവും ഉണ്ടാക്കുക എന്നതും ബീച്ച് ടൂറിസം പദ്ധതിയുടെ പ്രത്യേകതയാണ്.

(ബി) ഇപ്പോൾ പുതിയ പദ്ധതികളുടെ പ്ലാൻ തയ്യാറാക്കുന്നില്ല.

കോവളം നിയോജകമണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

94 (1564) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വകുപ്പിന്റെകീഴിൽ കോവളം നിയോജകമണ്ഡലത്തിൽ 2006-07 മുതൽ 2010-11 വരെയുള്ള വർഷങ്ങളിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾ ഏതെല്ലാമെന്നും ഇതിനായി ചെലവഴിച്ച തുക എത്രയെന്നും അറിയിക്കുമോ ;

(ബി) സുനാമി പദ്ധതിയിൽ ഉൾപ്പെടുത്തി കോവളം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ ടൂറിസം പദ്ധതികളും ഇതിനായി ചെലവഴിച്ച തുകയും എത്ര വീതമെന്നും ഈ പദ്ധതികൾ ഏതുഘട്ടത്തിലാണെന്നും അറിയിക്കുമോ ?

ഉത്തരം

(എ) ടൂറിസം വകുപ്പിന്റെകീഴിൽ കോവളം നിയോജകമണ്ഡലത്തിൽ 2006-07 മുതൽ 2010-11 വരെയുള്ള വർഷങ്ങളിൽ ഗവൺമെന്റ് ഗസ്റ്റ് ഹൗസിന്റെ നവീകരണം, ലൈറ്റ് ഹൗസ് മുതൽ സീറോക്ക് വരെയുള്ള നടപ്പാതയുടെ

LIBRARY ARCHIVES Kerala Legislative Assembly